**അടിയന്തിരം**

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എഡി.സി6/165333/എച്ച്.എസ്.ഇ/2019 തീയതി : 22/06/2020

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം -ജീവനക്കാര്യം- dhse transfer site – Update ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1. 11/03/2020, 17/03/2020 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ
2. 21/05/2020 ലെ ഇതേ നമ്പർ സർക്കുലർ.

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ 30/06/2020 വൈകിട്ട് 5.00 മണിക്ക് മുമ്പായി dhse transfer site- ൽ update ചെയ്യേണ്ടതാണ്. താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ അദ്ധ്യാപകർ/പ്രിൻസിപ്പൾമാരും കർശനമായി പാലിക്കേണ്ടതാണ്.

1. നിലവിൽ വകുപ്പ് വിട്ടുപോയവരും, LWA, Deputation എന്നിവയിൽ പ്രവേശിച്ചിട്ടുള്ളതുമായ അദ്ധ്യാപകരുടെ പേര് വിവരങ്ങൾ site- ൽ ഉണ്ടെങ്കിൽ ടിയാൻ/ടിയാളെ വ്യക്തമായ കാരണം നൽകി (LWA, Deputation/ left service) dhse transfer site - ൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.

2. നിരവധി അദ്ധ്യാപകർ dhsetransfer site –ലെ Teachers Provisional details-ൽ ഉള്ള chronological order പ്രകാരം സമർപ്പിക്കേണ്ട സർവ്വീസ് details —ൽ ശൂന്യവേതനാവധി. ഡെപ്യൂട്ടേഷൻ എന്നീ കാലയളവ് സേവനകാലമായി ഉൾപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം LWA, Deputation കാലയളവ് സർവ്വീസ് ആയി പരിഗണിക്കാവുന്നതല്ല. ആയതിനാൽ ടി കാലയളവ് സർവ്വീസ് details —ൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന വിവരം പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്. ആയത് സർവീസ് ഡാറ്റായിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട അദ്ധ്യാപകനും പ്രിൻസിപ്പാളിനുമെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

3. അച്ചടക്കനടപടിക്ക് (സസ്പെൻഷൻ) വിധേയമായതിന് ശേഷം തിരികെ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകരുടെ പേര് വിവരങ്ങൾ നിലവിലെ സ്കൂൾ പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട വിഷയത്തിലെ മെയിൽ ഐ.ഡി യിലേക്ക് (Teacher ID ഉൾപ്പെടെ) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. 2019-2020 ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചതിനു ശേഷം (23/05/2019) ൽ maternity leave - ൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപികമാർക്ക് ആയത് സർവീസ് details ൽ ഉൾപ്പെടുത്താവുന്നതാണ്.

5. 21/09/2015 ലെ എഡി.സി6/5697/2015/എച്ച്.എസ്.ഇ. നമ്പർ പൊതുസ്ഥലം മാറ്റ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ലഭിച്ച കുറച്ച് അധ്യാപകർ നിലവിലെ സ്കൂളിൽ നിന്നും വിടുതൽ വാങ്ങി പൊതുസ്ഥലം മാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ഇത്തരത്തിൽ പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർ ടി സ്കൂളിലെ സേവന കാലയളവ് തന്നെ chronological order ൽ dhse transfer site –ലെ സർവീസ് details ൽ update ചെയ്യേണ്ടതാണ്.

6. സൂചന (2) സർക്കുലർ ന്റെ അടിസ്ഥാനത്തിൽ home station സംബന്ധിച്ച പരാതികളും ആദ്യമായി home station മാറ്റുവാൻ അപേക്ഷ സമർപ്പിച്ചവരുടെയും വിവരങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ, teacher details ൽ update ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ ഹോംസ്റ്റേഷനിൽ മാറ്റം വരുത്തുന്നതല്ല.

7. 2019-2020 ലെ പൊതുസ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വന്ന ഒഴിവുകളിലേക്ക് 14/11/2019 ന് നടത്തിയ സ്ഥലം മാറ്റ പ്രകാരം conditional status-ൽ തുടരേണ്ടിയിരുന്ന അധ്യാപകരും, 31/05/2020-ന് 3 വർഷ ഹയർ സെക്കന്ററി സർവീസ് പൂർത്തിയാക്കാത്ത അധ്യാപകരുടെയും, 06/09/2019-ലെ പൊതുസ്ഥലം മാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെയും status, conditional ആയി പ്രിൻസിപ്പൽ update ചെയ്യേണ്ടതാണ്. Conditional ആയി post ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ status conditional ആയി തന്നെ പ്രൻസിപ്പൽ നിലനിർത്തേണ്ടതാണ്.

നിരവധി അദ്ധ്യാപകരുടെ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി individual report print എടുത്തിട്ടുള്ളതായി മനസ്സിലാക്കുന്നു. ഓരോ അദ്ധ്യാപകരുടെയും വിവരങ്ങൾ ഒരിക്കൽ കൂടി update ചെയ്യുന്നതിനായി site open ചെയ്ത് നൽകുന്നു. സൂചന (1) സർക്കുലറുകൾ വിശദമായി പരിശോധിച്ച് മനസ്സിലാക്കി ഓരോ അദ്ധ്യാപകരും വിവരങ്ങൾ update ചെയ്ത് പ്രിൻസിപ്പാളിന് നൽകുകയും പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ പരിശോധിച്ച് 30/06/2020 വൈകുന്നേരം 5.00 മണിക്ക് മുൻപായി dhsetransfer site-ൽ ഫോർവേഡ് ചെയ്യേണ്ടതുമാണ്. തെറ്റായ വിവരങ്ങൾ update ചെയ്യുന്ന അധ്യാപകർക്ക് വീണ്ടും link open ചെയ്ത് നൽകുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി